Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

All Kerala Press Release 26.3.2019
*Ref: 657/KCBC/K-6/KPR/DS*

## ജനാധിപത്യവും മതേതരത്വവും ഭരണഘടനയുടെ പവിത്രതയും കാത്തുസൂക്ഷിക്കുന്നവർ അധികാരത്തിൽ വരണം: കെസിബിസി

കൊച്ചി: ഏപ്രിൽ 11 മുതൽ മെയ് 19 വരെ നടക്കുന്ന ലോക്സഭാ തിരഞ്ഞെടുപ്പിൽ രാജ്യത്ത് ജനാധിപത്യവും മതേതരത്വവും ഭരണഘടനയുടെ പവിത്രതയും കാത്തുസൂക്ഷിക്കുന്നവർ അധികാരത്തിൽ വരണമെന്ന് കെസിബിസി. 17-ാം ലോകസഭാ പൊതു തിരഞ്ഞെടുപ്പിനോനുബന്ധിച്ച് കെസിബിസി കേരളത്തിലെ കത്തോലിക്കാ വിശ്വാസികൾക്കായി പുറപ്പെടുവിച്ച മാർഗരേഖയിലാണ് നയം വ്യക്തമാക്കിയിരിക്കുന്നത്.

സ്വഭാവമഹിമയും സാമൂഹ്യപ്രതിബദ്ധതയും ഭരണഘടനയോടും ഭരണഘടനാസ്ഥാപനങ്ങളോടും ആദരവുമുള്ള നേതാക്കൾ ഭരണനേതൃത്വത്തിൽ വരണം. ഭരണഘടനയുടെ അടിസ്ഥാനശിലകളെ ഇളക്കുന്ന പ്രത്യയശാസ്ത്രങ്ങളെയും രാഷ്ട്രീയ നിലപാടുകളെയും പ്രോത്സാഹിപ്പിക്കുന്ന വ്യക്തികളും രാഷ്ട്രീയ പാർട്ടികളും അധികാരത്തിൽ വരുന്നത് രാജ്യത്തിന് ആപത്തുണ്ടാക്കും.

സാധാരണക്കാരെയും കർഷകരെയും ആദിവാസികളെയും ദളിത് ജനവിഭാഗങ്ങളെയും കരുതുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന നയപരിപാടികൾ പിന്തുടരുന്ന രാഷ്ട്രീയ പാർട്ടികളും നേതാക്കളുമാണ് അധികാരത്തിൽ വരേണ്ടത്. പരിസ്ഥിതിയെയും പാവപ്പെട്ടവരെയും പരിഗണിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതാവണം അധികാരത്തിൽ വരുന്ന സർക്കാരിന്റെ വികസനനയം.

ഭരണഘടന ഉറപ്പുനല്കുന്ന മതസ്വാതന്ത്ര്യം സംരക്ഷിക്കുന്നവരും മനസ്സാക്ഷിയുടെ സ്വരത്തിനനുസരിച്ച് ജീവിതം ക്രമപ്പെടുത്തുന്നതിന് വ്യക്തികൾക്കും സമൂഹങ്ങൾക്കുമുള്ള സ്വാതന്ത്ര്യം സംരക്ഷിക്കുന്നവരുമാണ് തിരഞ്ഞെടുക്കപ്പെടേണ്ടത്.

അക്രമരഹിതവും സമാധാനപൂർണവുമായ ജനജീവിതം ഉറപ്പുവരുത്തുവാൻ രാഷ്രടീയ-ഭരണനേതൃത്വങ്ങൾക്കു ചുമതലയുണ്ട്. ജനാധിപത്യ സംസ്കാരത്തിൽ പതം വരാത്തവരാണ് അക്രമരാഷ്രടീയത്തിനു മുതിരുന്നത്. മനുഷ്യജീവന്റെ മൂല്യവും മഹത്ത്വവും ഉയർത്തിപ്പിടിക്കുന്നവരും ജനാധിപത്യ മര്യാദകളെ മാനിക്കുന്നവരുമാണ് തിരഞ്ഞെടുക്കപ്പെടേണ്ടത്.

മത-ഭാഷ ന്യൂനപക്ഷങ്ങളുടെ ഭരണഘടനാപരമായ അവകാശങ്ങൾ സംരക്ഷിക്കുന്നവരും ഭാരതത്തിന്റെ സാംസ്കാരിക വൈവിധ്യത്തെയും ജനാധിപത്യമൂല്യങ്ങളെയും കാത്തുസൂക്ഷിക്കുന്നവരുമാണ് അധികാരത്തിൽ വരേണ്ടതെന്നും കെസിബിസി പ്രസിഡന്റ് ആർച്ചുബിഷപ്പ് എം. സൂസപാക്യം പുറപ്പെടുവിച്ച സർക്കുലർ പറയുന്നു. ഏപ്രിൽ 7-ന് സർക്കുലർ കേരളത്തിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും വായിക്കും.

**ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ,
ഔദ്യോഗിക വക്താവ്, കെ.സി.ബി.സി.
ഡയറക്ടർ, പി.ഒ.സി

PRESIDENT
MOST REV. DR. SOOSA PAKIAM
Archbishop of Trivandrum,
Archbishop's House,
Vellayambalam, Kawdiar P.O,
Trivandrum 695 003.
Ph: 0471 2724001, 2724002, Fax: 0471 2725001
E-mail: archbishop@archtvm.in

VICE-PRESIDENT
DR. YOOHANON MAR CHRYSOSTOM
Bishop of pathanamthitta
Santhome Catholic Bishop's House
St. Peter's Junction
Pathanamthitta – 689 645
Ph: 0468-2223100, Fax: 0468-2223100
Email: bpdiopta@gmail.com

SECRETARY GENERAL
MAR MATHEW MOOLAKKATT
Archbishop of Kottayam
Catholic Archbishop's House,
P.B. No. 71, Kottayam 686 001.
Ph: 0481 2563527, 2563812, Fax: 0481 2563327
E-mail: marmosb@yahoo.com

DEPUTY SECRETARY GENERAL
FR. VARGHESE VALLIKKATT
Pastoral Orientation Centre
P.B. No. 2251, Kochi-682 025
Tel: +91-484-2805722, 2805815,
Fax: 2806214
E-mail: vallikkatt@gmail.com